©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2015 ഫെബ്രുവരി 27<br>27th February 2015<br>1190 കുംഭം 15<br>15th Kumbham 1190<br>1936 ഫാൽഗുനം 8<br>8th Phalguna 1936 | നമ്പർ<br>No. 448 |


## കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടിച്ചത്) നമ്പർ 2/2015/നിയമം. *തിരുവനന്തപുരം, 2015 ഫെബ്രുവരി 16*
*1190 കുംഭം 4.*

## 2015-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) (ഭേദഗതി) ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) (ഭേദഗതി) ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ,—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/770/2015/S-24.

ന്ന. 7/3

(1) 6-ാം ചട്ടത്തിലെ ക്ലിപ്തനിബന്ധനകൾക്ക് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരമോ മതാചാര പ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും, ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല".

---

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,
*നിയമ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യുമ്പോൾ, ഭാരതത്തിൽ നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാര പ്രകാരമോ നിർവ്വഹിച്ചിട്ടുള്ള വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏർപ്പെടുന്ന, ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും, ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല എന്ന് ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G.O.(P) No. 2/2015/Law. *Dated, Thiruvananthapuram,* *16th February, 2015* / *4th Kumbham,* 1190.

THE KERALA REGISTRATION OF MARRIAGES (COMMON) (AMENDMENT) RULES, 2015

1. *Short title and commencement.*—(1) These rules may be called the Kerala Registration of Marriages (Common) (Amendment) Rules, 2015.

(2) They shall come into force at once.

2. *Amendment of the rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(1) after the provisos in rule 6, the following proviso shall be inserted, namely:—

"Provided also that any relation made by any agreement or by any other mode in the name of marriage, other than the marriages solemnized as per any law in force in India or as per religious rites, shall not be registered under these rules".

By order of the Governor,

C. P. Ramaraja Prema Prasad,

*Law Secretary.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government have decided to amend the Kerala Registration of Marriages (Common) Rules, 2008 to provide that any relation made by any agreement or by any other mode in the name of marriage, other than the marriages solemnized as per any law in force in India or as per religious rites, shall not be registered under these rules.

The notification is intended to achieve the above object.